**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.500** **24.01.2018-ൽ മറുപടിക്ക്**

**ജി.എസ്.ടി. മുഖേനയുള്ള നികുതി വെട്ടിപ്പ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ. വി.ആർ. സുനിൽ കുമാർ. | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി നടപ്പാക്കിയതിനെത്തുടർന്ന് വ്യാപക നികുതി വെട്ടിപ്പ് നടക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) യും (ബി) യും | ജി.എസ്.ടി നടപ്പിലായതിനെ തുടർന്ന് ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. എന്നാൽ ജി.എസ്.ടി നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നായിരുന്നു ധാരണ. ഇത് നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം, ചെക്ക് പോസ്റ്റ് നിർത്തലാക്കിയതിനെ തുടർന്ന് നികുതിവെട്ടിപ്പിന് കാരണമായിട്ടുണ്ട്. ഇതിലുള്ള കടുത്ത ആശങ്ക കേരളത്തെപോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾ ജി.എസ്.ടി കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും അതിനെ തുടർന്ന് 01-02-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്കു നീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-01-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് അന്തർ സംസ്ഥാന ചരക്കു നീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദപരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്കു കഴിയും. ഇത് ഒരു പരിധി വരെ ചെക്ക് പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെ തുടർന്നുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കും. |
| (ബി) | ജി.എസ്.ടി. യുടെ ഭാഗമായുള്ള ഓൺലൈൻ സംവിധാനങ്ങൾ കാര്യക്ഷമമാകാതിരിക്കുന്നത് മൂലം കടുത്ത നികുതിവെട്ടിപ്പ് നടക്കുന്നുവെന്നത് യാഥാർത്ഥ്യമാണോ; | | |

| | | | |
|---|---|---|---|
| (സി) | അന്യസംസ്ഥാനങ്ങളിൽ നിന്നും ചരക്കുമായി വരുന്ന ലോറികൾ പരിശോധിക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്നും ആയത് പര്യാപ്തമാണോയെന്നും വ്യക്തമാക്കുമോ? | (സി) | ഇ-വേ ബിൽ സമ്പ്രദായം നടപ്പിലായതുകൊണ്ടു മാത്രം നികുതി വെട്ടിപ്പ് തടയാൻ കഴിയുമെന്ന് സർക്കാർ കരുതുന്നില്ല. ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പു വരുത്തുന്നതിനായി ചരക്കു വാഹനങ്ങളുടെ ഭൗതിക പരിശോധന ആവശ്യമായി വരും. ആയതിനുവേണ്ടി ചെക്ക് പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർ വിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിർത്തികളിൽ ക്യാമറ സ്ഥാപിച്ച് വാഹനങ്ങളെ നിരീക്ഷിക്കുവാനുള്ള പദ്ധതി, പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ